# പതിമൂന്നാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2012 07/12/2015-ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ**

| | ചോദ്യം<br>ശ്രീ. ജി. സുധാകരൻ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യബന്ധന വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പു നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയതും വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |
| ബി) | വിവിധ വികസന പ്രവർത്തനങ്ങൾക്കായി എന്ത് തുക ചെലവഴിച്ചു; ഓരോ പദ്ധതിക്കായി ചെലവഴിച്ച തുക തരംതിരിച്ച് വ്യക്തമാക്കാമോ ; | ബി) | ഫിഷറീസ് വകുപ്പ് വഴി നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.<br><br>വിവിധ വികസന പ്രവർത്തനങ്ങൾക്കായി അമ്പലപ്പുഴ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം (ഡി) ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യബന്ധന വകുപ്പ് മുഖേന എത്ര മത്സ്യത്തൊഴിലാളികൾക്ക് അമ്പലപ്പുഴ മണ്ഡലത്തിൽ വീട് നിർമ്മിച്ച് നൽകി; വിശദാംശം നൽകാമോ ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് മുഖേന 843 മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യബന്ധന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് എത്ര റോഡുകൾ നിർമ്മിച്ചു; ഓരോ പ്രവൃത്തിക്കും എന്ത് തുക ചെലവഴിച്ചു; വിശദാംശം നൽകാമോ ? | ഡി) | ഫിഷറീസ് വകുപ്പ് നേരിട്ട് അമ്പലപ്പുഴ മണ്ഡലത്തിൽ റോഡുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല<br><br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശറോഡുകളുടെ നിലവാരമുയർത്തുന്ന പദ്ധതിയിലുൾപ്പെടുത്തി 54 റോഡുകൾക്ക് ഭരണാനുമതി നൽകുകയും 27 റോഡുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (ഇ) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്